(ബി) അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായകളെ നിയന്ത്രിക്കാൻ ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(സി) നിലവിലെ നിയന്ത്രണസംവിധാനം പരാജയപ്പെട്ട സാഹചര്യത്തിൽ എന്തെങ്കിലും പുതിയ നിയന്ത്രണമാർഗ്ഗത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ;

(ഡി) ജനത്തെ ഭീതിയിൽ നിന്നു മോചിപ്പിക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും. പേവിഷബാധയ്ക്ക് കുത്തിവെയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ /ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന് ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധന സഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്തുവാനും പഞ്ചായത്ത് ഡയറക്ടർമാർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പാലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) നിലവിലെ സംവിധാനം ഫലപ്രദമായി നടന്നു വരികയാണ്.

(ഡി) ഭീതിതമായ അന്തരീക്ഷം നിലവിലില്ല.

തെരുവു നായ്ക്കളുടെ ശല്യം

165(373) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ്ക്കൾ പെരുകി നടുറോഡുകളിലും മറ്റും നടന്ന് ജനങ്ങളെ കടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ പോകുന്നുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും, പേവിഷബാധയ്ക്ക് കുത്തിവെയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന്,ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധന സഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്തുവാനും പഞ്ചായത്ത് ഡയറക്ടർമാർക്കും നഗരകാര്യ ഡയറക്ടർക്കുംനിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതിനായി മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

മൊബൈൽ ടവറുകൾ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

166(374) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ടവറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് ഇതുവരെ നൽകിയതെന്ന് സംബന്ധിച്ച ഉത്തരവുകളുടെ വിശദാംശങ്ങൾ പകർപ്പ് സഹിതം ലഭ്യമാക്കുമോ ;

(ബി) മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും അപകടകരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം ടവറുകൾക്ക് ജനവാസകേന്ദ്രങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly